തടയുന്നതിനായി ടൂറിസ്റ്റുകൾക്ക് നിലവാരമുള്ള താമസസൗകര്യം കുറഞ്ഞ ചെലവിൽ ഹോംസ്റ്റേ പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. അംഗീകാരമുള്ള ഹോംസ്റ്റേകളെ സംബന്ധിച്ച വിവരം വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ബ്രോഷറിലൂടെയും നൽകിവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹോട്ടലുകളെ സംബന്ധിച്ച വിവരം ബ്രോഷർ, വെബ്സൈറ്റ്, സി.ഡി എന്നിവയിലൂടെയും ടൂറിസ്റ്റുകളെ അറിയിക്കുന്നു. ആയുർവ്വേദ ചികിത്സാ രംഗത്ത് നിലനിൽക്കുന്ന ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ആയുർവ്വേദ ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കിയിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സുരക്ഷയുടെ ഭാഗമായി ടൂറിസം പോലീസിന്റെ സേവനം പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്ററുകൾ വഴി ആവശ്യമായ വിവരം ടൂറിസ്റ്റുകൾക്ക് നൽകിവരുന്നു. ടൂറിസം മേഖലയിൽ അനാശാസ്യ പ്രവണതകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ചകൾ നടത്തുകയും അതനുസരിച്ച് നടപടി എടുക്കുകയും ചെയ്യുന്നുണ്ട്.

നിലവിലെ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തി ടൂറിസം പ്രൊമോഷനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി

110 (402) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലും കായലുകളിലും ഉള്ള ദ്വീപുകളുടെ മനോഹാരിത ഉപയോഗപ്പെടുത്തി ലോകത്ത് എല്ലായിടത്തും ടൂറിസം വികസിപ്പിക്കുമ്പോൾ കേരളത്തിൽ ദ്വീപുകളിൽ ടൂറിസം സംരംഭങ്ങൾക്ക് തടസ്സമാകുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റോഡ് അക്സസ് ദ്വീപുകളിലേക്ക് ഇല്ല എന്ന കാരണത്താൽ നിർമ്മാണ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ഒരു റിസോർട്ട് തുടങ്ങുന്നതിന് നൽകിയ അപേക്ഷ റോഡ് അക്സസ് ഇല്ല എന്ന കാരണത്താൽ തദ്ദേശ സ്വയംഭരണ വകുപ്പ് നിരസിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉന്നതാധികൃതരുമായി ആലോചിച്ച് ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തി ടൂറിസം പ്രൊമോഷനുള്ള സാദ്ധ്യതകൾ വിപുലപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്

(സി) കാലാനുസൃതമായ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ സർക്കാരിന് നയപരമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly